കേരള സർക്കാർ

<u>സംഗ്രഹം</u>

തസ്വഭവ-ശ്രീ. റ്റി .ശശിധരൻ ഫയൽ ചെയ്ത ഒ.എ 825/2024മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 29.05.2024 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.951/2024/LSGD തീയതി,തിരുവനന്തപുരം, 31-05-2024

---

പരാമർശം:- 1. 10.11.2022-ലെ നഗരകാര്യ ഡയറക്ടറുടെ DUA/5387/2022-E6 നമ്പർ കത്ത്

2 15.03.2024 ലെ സ.ഉ (സാധാ)നം.608/2024/തസ്വഭവ

3. 17.05.2024 ലെ ഇയു1/416/2022-തസ്വഭവ നമ്പർ കത്ത്

4. ശ്രീ. ശശിധരൻ റ്റി.ഫയൽ ചെയ്ത ഒ.എ 825/2024മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 29.05.2024 ലെ ഉത്തരവ്

5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.05.2024 ലെ LSGD/PD/11970/2024-DEA1 നമ്പർ കത്ത്

<u>ഉത്തരവ്</u>

ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ. ശശിധരൻ റ്റി.ഫയൽ ചെയ്ത ഒ എ. 825/2024 - യിന്മേൽ 29.05.2024 ലെ ബഹു ട്രൈബ്യൂണലിന്റെ ഉത്തരവിൽ താഴെ പറയും പ്രകാരം ഉത്തരവായിരുന്നു.

4. However, having regard to the fact that the applicant is due to retire from service on 31.5.2024, there shall be a direction to the 1st respondent to consider the case of the applicant for provisional promotion to the post of Joint Corporation Secretary and pass orders before his retirement.

2. മേൽ ഉത്തരവിന്മേൽ പരാമർശം 5 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

എകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ Subordinate Service Special Rule ലെ Rule -12 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം മുൻ മുനിസിപ്പൽ കോമൺ സർവ്വീസിൽ Clean City Manager, Revenue Officer Grade I/ Personal Assistant to Secretary/ Secretary to Council/ Accounts Officer, Public Health Officer| എന്നീ തസ്തികളിലേക്ക് പ്രൊമോഷന് പൊതു ചട്ടങ്ങൾ പ്രകാരവും വിശേഷാൽ ചട്ടങ്ങൾ പ്രകാരമുള്ള മറ്റു നിബന്ധനകൾ പാലിച്ചുകൊണ്ടും പരമാവധി മൂന്ന് വർഷകാലയളവിലേക്ക് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി നടപടിക്രമത്തിൽ ഇളവ് അനുവദിച്ചുകൊണ്ട് പ്രൊമോഷൻ നടത്തുന്നതിന് അനുമതിനൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഏകീകൃത തദ്ദേശസ്വയംഭരണ സ്റ്റേറ്റ് സർവീസിന്റെ വിശേഷാൽ ചട്ടങ്ങൾ പ്രകാരം മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ ഡെപ്യൂട്ടി സെക്രട്ടറി തസ്തിക 'ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി' എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളതും, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകയ്ക്ക് തുല്യമാക്കിയിട്ടുള്ളതുമാണ്. അസിസ്റ്റന്റ് ഡയറക്ടർ തസ്തിക സ്റ്റേറ്റ് സർവീസ് തസ്തിക ആയതിനാൽ, ഡെപ്യൂട്ടി സെക്രട്ടറി (ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി) തസ്തികയിൽ ഉണ്ടാകുന്ന ഒഴിവ് എപ്രകാരമാണ് നികത്തേണ്ടത് എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനുള്ള പരാമർശം 1 ലെ കത്തിന് പരാമർശം 3 പ്രകാരം സർക്കാർ മറുപടി നൽകിയിരുന്നു.

3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം PA to Secretary/Revenue Office/Council Secretary/Accounts Officer തസ്തികയിലെ 27.10.2022 ലെ Final Gradation List /seniority list ലെ ജീവനക്കാരുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ഗ്രഡേഷൻ ലിസ്റ്റ് പ്രകാരമുള്ള ക്രമ നമ്പർ | പേര് | നിലവിലെ സ്റ്റേഷൻ | പ്രൊബേഷൻ ഡിക്ലയർ ചെയ്തത് സംബന്ധിച്ച വിവരങ്ങൾ | റിമാർക്സ് |
|---|---|---|---|---|
| 3 | എസ്.ജയകുമാർ | വിരമിച്ചു | ............... | |
| 4 | എം. ശ്രീലത | വിരമിച്ചു | .............. | |
| 5 | കെ.എ. മാത്യു | കൊച്ചി മുനിസിപ്പൽ | പ്രൊബേഷൻ ഡിക്ലയർ | 31.05.2024 ൽ സർവീസിൽ |

| | | | | |
|---|---|---|---|---|
| | | കോർപ്പറേഷൻ | ചെയ്തിട്ടില്ല | നിന്നും വിരമിക്കുന്നു |
| 6 | എസ് പ്രേമ | വിരമിച്ചു | ............ | |
| 7 | സിനിമോൾ | വിരമിച്ചു | ........... | |
| 8 | റ്റി വി ശിവദാസൻ | തിരൂർ മുനിസിപ്പാലിറ്റി | പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല | |
| 9 | കെ ഡി ശ്യാമള | വിരമിച്ചു | ....... | |
| 10 | വി ശർമ്മിള | വിരമിച്ചു | .......... | |
| 11 | എം. പത്മനാഭൻ | കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ | 10.11.2022 ലെ DUA/7971/2022-E6 നമ്പർ ഉത്തരവ് | വകുപ്പുതല അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. |
| 12 | പി ജി സുർജിത്ത് | തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ | 10.11.2022 ലെ DUA/7971/2022-E6 നമ്പർ ഉത്തരവ് | |
| 13 | എം. വസന്തൻ | വിരമിച്ചു | .... | |
| 14 | ഉണ്ണികൃഷ്ണൻ എ സി | കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ | 06.04.2024 ലെ LSGD/PD/69315/2023/DEH2 നമ്പർ ഉത്തരവ് | |
| 15 | റ്റി ശശിധരൻ | കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ | 01.04.2024 ലെ എൽ എസ്ജിഡി/ പിഡി/ 12768/ 2024-ഡിഇ എച്ച്2 നമ്പർ ഉത്തരവ് | 31.05.2024 തിയതിയിൽ സർവ്വീസിൽ നിന്നും വിരമിക്കുന്നു. |

4. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ Subordinate Service Special Rule ലെ Rule-12 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം മുൻ മുനിസിപ്പൽ കോമൺ സർവ്വീസിൽ Clean City Manager,Revenue Officer Grade I/Personal Assistant to Secretary/Secretary to Council/Accounts Officer,Public Health Officer| എന്നീ തസ്തികളിലേക്ക് പ്രൊമോഷന് പൊതു

ചട്ടങ്ങൾ പ്രകാരവും വിശേഷാൽ ചട്ടങ്ങൾ പ്രകാരമുള്ള മറ്റു നിബന്ധനകൾ പാലിച്ചുകൊണ്ടും പരമാവധി മൂന്ന് വർഷകാലയളവിലേക്ക് DPC നടപടിക്രമത്തിൽ ഇളവ് അനുവദിച്ചുകൊണ്ട് പ്രൊമോഷൻ നടത്തുന്നതിന് അനുമതി നൽകി പരാമർശം (2 ) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രൊപ്പോസൽ സമർപ്പിച്ചപ്പോൾ പ്രിൻസിപ്പൽ ഡയറക്ടർ ടി തസ്തിക ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. അതിനാലാണ് മേൽ ഇളവ് അനുവദിച്ച ഉത്തരവിൽ ഡെപ്യൂട്ടി സെക്രട്ടറി തസ്തിക ഉൾപ്പെടാതിരുന്നത്.

5. നിലവിൽ ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി തസ്തികയിൽ 3 ഒഴിവുകളാണ് നിലവിലുള്ളത്. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം PA to Secretary/Revenue Officer/Council Secretary/Accounts Officer തസ്തികയിൽ നിന്നും ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലേക്ക് പ്രൊമോഷൻ ലഭിക്കുന്നതിനുള്ള 27.10.2022 ലെ Final Gradation List പ്രകാരം അർഹതയുള്ള ജീവനക്കാർ ചുവടെ ചേർക്കുന്നവരാണ്:

| ഗ്രഡേഷൻ ലിസ്റ്റ് പ്രകാരമുള്ള ക്രമ നമ്പർ | പേര് | നിലവിലെ സ്റ്റേഷൻ | പ്രൊബേഷൻ ഡിക്ലയർ ചെയ്യതത് സംബന്ധിച്ച വിവരങ്ങൾ | റിമാർക്സ് |
|---|---|---|---|---|
| 5 | കെ.എ. മാത്യൂ | കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ | പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല | 31.05.2024 ൽ സർവീസിൽ നിന്നും വിരമിക്കുന്നു |
| 8 | റ്റി വി ശിവദാസൻ | തിരൂർ മുനിസിപ്പാലിറ്റി | പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല | |
| 11 | എം. പത്മനാഭൻ | കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ | 10.11.2022 ലെ DUA/7971/2022-E6 നമ്പർ ഉത്തരവ് | വകുപ്പുതല അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ട്. |
| 12 | പി ജി സുർജിത്ത് | തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ | 10.11.2022 ലെ DUA/7971/2022-E6 നമ്പർ ഉത്തരവ് | |
| | | കണ്ണൂർ | 06.04.2024 ലെ | |

| | | | | |
|---|---|---|---|---|
| 14 | ഉണ്ണികൃഷ്ണൻ എ സി | മുനിസിപ്പൽ കോർപ്പറേഷൻ | LSGD/PD/69315/2023/DEH 2 നമ്പർ ഉത്തരവ് | |
| 15 | റ്റി ശശിധരൻ | കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ | 01.04.2024 ലെ എൽ എസ് ജി ഡി/പി ഡി/12768/2024-ഡിഇ എച്ച്2 നമ്പർ ഉത്തരവ് | 31.05.2024 തിയതിയിൽ സർവ്വീസിൽ നിന്നും വിരമിക്കുന്നു |

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . പരാമർശം -5 പ്രകാരം പ്രിൻസിപ്പൽഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള 3 ഒഴിവുകളിലേക്ക് ഫൈനൽ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം ശ്രീ. റ്റി.ശശിധരന് മുൻപായി മറ്റു നാലു പേർ നിലവിലുണ്ട് . ഗ്രഡേഷൻ ലിസ്റ്റിലെ സീനിയർമാരായ ശ്രീ.കെ. എ മാത്യു (ക്രമ നമ്പർ 5), ശ്രീ.റ്റി.വി.ശിവദാസൻ(ക്രമ നമ്പർ 8 ), ശ്രീ.പി.ജി സുർജിത്ത്(ക്രമ നമ്പർ 12) എന്നിവർക്ക് നിലവിലുള്ള 3 ഒഴിവുകളിലേക്ക് പ്രൊവിഷണൽ പ്രൊമോഷൻ നൽകിയാലും അപേക്ഷകന്റെ ഊഴമെത്തുകയില്ല. ആയതിനാൽ അപേക്ഷകനായ ശ്രീ ശശിധരൻ ടി. ക്ക് ബഹു ട്രൈബ്യൂണലിന്റെ ഒ.എ 825/2024 ലെ 29.05.2024 ലെ ഉത്തരവ് പ്രകാരം ടിയാന്റെ റിട്ടയർമെന്റ് തീയതിയായ 31.05.2024 നു മുൻപ് ഡെപ്യൂട്ടി സെക്രട്ടറി/ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി തസ്തികയിലേക്ക് മതിയായ ഒഴിവുകൾ നിലവിലില്ലാത്തതിനാൽ പ്രൊവിഷണൽ പ്രൊമോഷൻ നൽകുന്നതിന് സാധിക്കുകയില്ലാത്തതിനാൽ ഒ.എ 825/2024 ലെ ടിയാന്റെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. മേൽപ്രകാരം ഒ.എ 825/2024 മേൽ ബഹു ട്രൈബ്യൂണലിന്റെ 29.05.2024 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.ടി ശശിധരൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഐ&പി.ആർ.ഡി.(വെബ് &ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ